## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 529 **02.07.2019-ൽ** മറുപടിക്ക്

## പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ പി.വി. അൻവർ<br>ശ്രീ രാജു എബ്രഹാം<br>ശ്രീ പുരുഷൻ കടലുണ്ടി | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം കൊണ്ടും കൂലിയിലെ വർദ്ധനവുകൊണ്ടും വീട്ടു നിർമ്മാണം പൂർത്തീകരിക്കാനാകാതെ പോയ പട്ടികജാതിയിൽപ്പെട്ടവർക്ക് ഒന്നര ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | സമാനസാഹചര്യത്തിൽ വീടുനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ പോയ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുണ്ടോ; എങ്കിൽ അവർക്കും ധനസഹായം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.03.2016 നുള്ളിൽ പൂർത്തീകരിക്കാത്ത 12183 വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റിന്റെയടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചിട്ടുണ്ട്. 2016-17-ൽ ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്യാൺയോജന പദ്ധതികളിലുൾപ്പെട്ടതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാത്തതുമായ വീടുകൾക്കുള്ള ധനസഹായം 27/12/2018 ലെ സ.ഉ.(സാധാ)നം.1274/2018/പജപവവിവ പ്രകാരം 4 ലക്ഷം രൂപയായും വിദൂര സങ്കേതങ്ങളിലെ ഭവനനിർമ്മാണ സഹായം 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

<table>
<tr>
<td>(സി)</td>
<td>പുതിയ ഭവനനിർമ്മാണ പദ്ധതികളും പണിതീരാത്ത വീടുകളുടെ പൂർത്തീകരണവും ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ പോലുള്ള സർക്കാർ ഏജൻസികളെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമോ;</td>
<td>(സി)</td>
<td>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം അവർ സ്വന്തം നിലയിൽ പൂർത്തീകരിക്കുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച്, ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിട്ടുകളുടെ നിർമ്മാണം ഗോത്രജീവിക പദ്ധതിയിൽ പരിശീലനം സിദ്ധിച്ച യുവാക്കൾ രൂപീകരിച്ച സ്വയംസഹായ സംഘങ്ങൾ മുഖേന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതർക്കെല്ലാം വീട്ട നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?</td>
<td>(ഡി)</td>
<td>ഭവനനിർമ്മാണ പദ്ധതി<br>
<table>
<tr><td colspan="3">പട്ടികജാതി വികസന വകുപ്പ്</td></tr>
<tr><td>വർഷം</td><td>അനുവദിച്ച വീടുകൾ</td><td>പൂർത്തീകരിച്ചത്</td></tr>
<tr><td>2016-17</td><td>14906</td><td>11181</td></tr>
<tr><td>2017-18</td><td>8895</td><td>5664</td></tr>
<tr><td>2018-19 (പ്രളയത്തിൽ നഷ്ടപ്പെട്ടത്)</td><td>245</td><td>4</td></tr>
<tr><td>സ്പിൽ ഓവർ പൂർത്തീകരണം ലൈഫ് മിഷൻ 2017-18</td><td>16360</td><td>9269</td></tr>
<tr><td>ലൈഫ് മിഷൻ പുതിയത്</td><td>7467</td><td>നടന്നുവരുന്നു</td></tr>
</table>
ശേഷിക്കുന്നവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്<br><br>
പട്ടികവർഗ്ഗ വികസന വകുപ്പ്
<table>
<tr><td>വർഷം</td><td>പദ്ധതി</td><td>അനുവദിച്ച വീടുകൾ</td><td>പൂർത്തീ കരിച്ചത്</td></tr>
<tr><td>2016-17</td><td>ജനറൽ ഹൗസിംഗ്</td><td>1875</td><td>110</td></tr>
</table>
</td>
</tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | | | ഹഡ്കോ | 2980 | 97 |
| | | | | വനബന്ധു കല്യാൺ യോജന | 1854 | 80 |
| | | | | **ആകെ** | **6709** | **287** |
| | | | 2018-19 | ലൈഫ് മിഷൻ വഴി സ്പിൽ ഓവർ പൂർത്തീകരണം | 12183 | 10267 |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ — മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി ഗുണഭോക്താക്കളുടെ ഭവന പൂർത്തീകരണത്തിന് വ്യവസ്ഥകൾക്ക് വിധേയമായി പ്രത്യേക ധനസഹായം അനുവദിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.483/2019/പജപവവിവ. തീയതി,തിരുവനന്തപുരം,14.06.2019**

===========================================================================

പരാമർശം: പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 15.05.2019 ലെ ഡെവ-ബി2-8086/19 നം. കത്ത്.

**ഉത്തരവ്**

വിവിധ വകുപ്പുകൾ മുഖേന ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും, നിർദ്ദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു കൈപ്പറ്റാൻ കഴിയാത്തവർക്കും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒന്നരലക്ഷം രൂപ വരെ അനുവദിക്കുന്ന പുതിയ പദ്ധതിയ്ക്ക് ഭരണാനുമതി നൽകണമെന്ന് പരാമർശ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും, ഉയർന്ന വേതന നിരക്കും, നിർമ്മാണ സാമഗ്രികൾ നിർമ്മാണ സ്ഥലത്ത് എത്തിക്കുന്നതിന്റെ അധിക ചെലവും കാരണം ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിയിട്ടും മിക്കപ്പോഴും വീടിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നത് വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനേ പല ഗുണഭോക്താക്കൾക്കും കഴിയാറുള്ളൂ. ഈ വിഭാഗത്തിന് സ്വന്തമായി തുക കണ്ടെത്തി തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും കഴിയാറില്ല. നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കുവാൻ കഴിയാത്തതിനാൽ അവസാന ഗഡു കൈപ്പറ്റുവാനും കഴിയാറില്ല. മേൽക്കൂര പ്ലാസ്റ്റർ ചെയ്യാത്തതുമൂലം മഴക്കാലത്ത് വീടുകൾ ചോർന്നൊലിക്കുന്ന സ്ഥിതിയും സംജാതമാകുന്നു.

3) മേൽ സാഹചര്യത്തിൽ, നിർമ്മാണം പൂർത്തീകരിക്കുന്ന വീടുകൾ വാസയോഗ്യവും സുരക്ഷിതവുമായിരിക്കണം എന്ന പരമപ്രധാനമായ ലക്ഷ്യത്തോടെ, വിവിധ വകുപ്പുകൾ മുഖേന ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും, നിർദ്ദിഷ്ട പ്രകാരത്തിലുള്ള മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു കൈപ്പറ്റാത്തവർക്കും, സ്വന്തമായി വീട് നിർമ്മാണം ആരംഭിച്ചിട്ട് പണി പൂർത്തിയാക്കാത്ത പട്ടികജാതി കുടുംബങ്ങൾക്കും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒന്നരലക്ഷം രൂപ വരെ പ്രത്യേക ധനസഹായം, 2019-20 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 5000 ഗുണഭോക്താക്കൾക്ക് 2225-01-283-89 ഭവനരഹിതർക്ക് ഭവനം (പി) എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പദ്ധതിയ്ക്ക് അർഹരായവരുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായി കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം

പൂർത്തീകരിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾ, നിർദ്ദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കുവാൻ സാധിക്കാത്തതിനാൽ അവസാന ഗഡു കൈപ്പറ്റാത്തവർ, സ്വന്തമായി വീട് നിർമ്മാണം ആരംഭിച്ചിട്ട് പണി പൂർത്തിയാക്കാത്ത പട്ടികജാതി വിഭാഗക്കാർ എന്നീ വിഭാഗങ്ങളിലുൾപ്പെട്ടവരായിരിക്കും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ.

2. ധനസഹായ തുക കൈപ്പറ്റി 10 വർഷം വരെയായവർക്കും ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്കുമാണ് ധനസഹായം അനുവദിക്കുന്നത്.
3. ധനസഹായത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ/ഓവർസിയർ/അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർ എന്നിവരിൽ നിന്നുള്ളതായിരിക്കണം.

## മുൻഗണനാ മാനദണ്ഡങ്ങൾ

| ക്രമ നം | മുൻഗണനാ മാനദണ്ഡങ്ങൾ | മുൻഗണനാ മാർക്ക് |
|---|---|---|
| 1 | മേൽക്കൂര മാറ്റേണ്ടവർ/ബലപ്പെടുത്തേണ്ടവർ | 30 |
| 2 | വാതിൽ, ജനൽ എന്നിവ ഇല്ലാത്തവർ | 20 |
| 3 | തറ, ചുമര് എന്നിവ പൂർത്തീകരിക്കാത്തവർ/ബലപ്പെടുത്തേണ്ടവർ | 15 |
| 4 | വാർഷിക കുടുംബവരുമാനം 50,000/- രൂപയിൽ താഴെയുള്ളവർ | 15 |
| 5 | അടുക്കള നിർമ്മാണം പൂർത്തീകരിക്കേണ്ടവർ | 10 |
| 6 | ചുവരുകൾ പ്ലാസ്റ്ററിംഗ് നടത്തേണ്ടവർ | 5 |
| 7 | നിലം തയ്യാറാക്കേണ്ടവർ | 5 |

4. മുകളിൽ പ്രസ്താവിച്ച മുൻഗണനാ മാനദണ്ഡപ്രകാരം ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് ആദ്യം എന്ന ക്രമത്തിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

5. ഇപ്രകാരം അനുവദിക്കുന്ന തുക മൂന്ന് ഗഡുക്കളായി വകുപ്പിന്റെ ഇ-ഹൗസിംഗ് സൈറ്റ് വഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. തുക കൈപ്പറ്റി താഴെ പ്രസ്താവിച്ചിരിക്കും പ്രകാരമുള്ള ഓരോ നിർമ്മാണ ഘട്ടവും പൂർത്തീകരിക്കുന്നതനുസരിച്ച് അടുത്ത ഗഡു നൽകുന്നതാണ്.

| ഗഡു | ശതമാനം | നിർമ്മാണം പൂർത്തീകരിക്കുന്ന ഘട്ടം |
|---|---|---|
| I | 30% | എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തിയുടെ 30% പൂർത്തീകരിക്കേണ്ടതാണ്. |
| II | 50% | എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തിയുടെ 90% പൂർത്തീകരിക്കേണ്ടതാണ് |
| III | 20% | നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. |

6. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ വിലയിരുത്തിയശേഷം മാത്രം തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുന്നതാണ്.

7. അവസാന ഗഡു ലഭിക്കുന്നതിന്, നിർമ്മാണം പൂർത്തീകരിച്ചതായുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഉഷ ടി നായർ**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ